# ആമുഖം

പ്രിയ മനസേ,

എന്റെ ജന്മകാരകന്മാരായ മാതാപിതാക്കൾക്ക് വന്ദനം. ഇക്കാലമത്രയും എനിക്ക് അറിവു പകർന്നുതന്ന ഇനിയും അനന്തമാകുന്ന അറിവിനെ പറഞ്ഞു തരാൻ പോകുന്ന എന്റെ ഗുരുക്കന്മാർക്കും വന്ദനം . എന്റെ ഇഷ്ടദേവതയായ ശ്രീ പൊന്നുണ്ണി മഹാവിഷ്ണുമായ കുട്ടിചാത്തൻഭഗവാനും വന്ദനം. ലോക മാതാവിനും വന്ദനം. കാലത്തിന്റെ അധിപതിയായ കലിക്കും വന്ദനം. ശ്രീമഹാവിഷ്ണുമായ സ്വാമിയുടെ ഭക്തരായ പ്രിയ വായനക്കാർക്കും വന്ദനം.

പുരാണം എന്നാൽ പുര – അപി – നവം ഇതി പുരാണം എന്നും, പുനഃ + നവ + പ്രമാണം = പുരാണം, പുനഃ = വീണ്ടും ആവർത്തിക്കുക. നവ = പുതിയത്, പ്രമാണം = അറിവുകൾ, തെളിവുകൾ എന്നിങ്ങനെ പലവിധത്തിലുള്ള അന്തരാർത്ഥങ്ങൾ പുരാണത്തിനുണ്ട്. പഴയതെങ്കിലും പുതിയത് എന്നും പറയുന്നു. പ്രകൃതിയുടെ ഗീതങ്ങളാകുന്ന വേദങ്ങളിൽ നിന്നും ഉപനിഷത്തുകളും പുരാണങ്ങളും ഇതിഹാസങ്ങളും ആരണ്യകങ്ങളും ബ്രാഹ്മണ്യങ്ങളും മറ്റനേകം തത്ത്വജ്ഞാനാദി ഗ്രന്ഥങ്ങളും ഉണ്ടായി. ഇതിൽ നിന്നും ഭാരതത്തിന്റെ സംസ്ക്കാരം അനന്ത മായി അനാദിയായി ആ സ്വർഗീയ മഹിമ പല രാജ്യങ്ങളിലും ചെന്നെത്തിയിരിക്കുന്നു. ഇന്നും നമ്മുടെ സംസ്ക്കാരം പലരാജ്യങ്ങളിലേക്കും ഒഴുകികൊണ്ടിരിക്കുന്നു. അതവർ പഠിക്കുകയും അവരുടെ ജീവിതത്തിൽ പ്രാവർത്തികമാക്കുകയും ചെയ്യുന്നു. കൂടാതെ അതിൽനിന്നും പല മതങ്ങൾ വരെ ഉത്ഭവിച്ചിരിക്കുന്നു. നമ്മുടെ പൂർവ്വികർ പുരാണങ്ങൾ രചിച്ചതുതന്നെ വിജ്ഞാനത്തിൽ ഉയരാനും ആര്യന്മാരാകാനും വേണ്ടി അടിച്ചമർത്തപ്പെട്ട സാധാരണ ജനങ്ങളുടെ ഹൃദയങ്ങളിലേക്ക് ഈ മഹദ്തത്ത്വങ്ങളെ പകർന്നുകൊടുക്കുന്ന തിനുവേണ്ടിയാണ്. നഷ്ടപ്പെട്ട ഓരോ നിമിഷങ്ങളിലേയും, സമ്പന്നമായ ഓരോകാര്യങ്ങളും അക്ഷരങ്ങളുടേയും അർത്ഥങ്ങളുടേയും അനർത്ഥങ്ങളുടേയും അന്തരാർത്ഥങ്ങളുടേയും പൊരുളുകളെ അവർ പുരാണങ്ങളാക്കി മാറ്റി. അതിനാൽ ക്ഷമിച്ചാലും എന്റെ പ്രിയ സുമനസ്സുകളെ ശ്രീമദ് മഹാവിഷ്ണുമായ കുട്ടിചാത്തൻ പുണ്യപുരാണം എന്ന ഈ ഗ്രന്ഥത്തിൽ എഴുതിയതെല്ലാം നൂറുശതമാനവും നീതിയുക്തമാണെന്ന് ഞാൻ വിശ്വസി ക്കുന്നു. എന്നാൽ ഞാൻ അത് അവകാശപ്പെടുന്നില്ല.

ഏകമാകുന്ന (ഏകം സത് വിപ്രാഃ ബഹുധാവദന്തി) ആ പരമാത്മാശക്തിയെ തന്റെ ഇഷ്ടദേവതാസങ്കൽപ്പത്തിൽ ഏതൊരു ഭക്തനും മുപ്പത്തി മുക്കോടി ദേവതകളെ ആരാധിക്കാമെന്ന് പഠിപ്പിച്ച നമ്മുടെ സമ്പന്നമാകുന്ന സംസ്ക്കാരത്തെ അഭിമാനത്തോടെ നെഞ്ചിലേറ്റി നടക്കുന്ന ശ്രീമഹാവിഷ്ണുമായ കുട്ടിചാത്തൻസ്വാമിയുടെ ഒരു എളിയ ഭക്തനാണ് ഞാൻ. അതിനാൽ ഈ ഗ്രന്ഥത്തിൽ എന്തെങ്കിലും പാകപ്പിഴവുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ സദയം ക്ഷമിക്കുമെന്ന് വിശ്വസിക്കട്ടെ. കൂടാതെ നിങ്ങളുടെ വിലയേറിയ അഭിപ്രായത്താൽ ഞാനത് തിരുത്തുവാൻ തയ്യാറുമാണ്. അതിനാൽ നിങ്ങളുടെ വിലയേറിയ നിർദ്ദേശങ്ങൾ ദയവായി എന്നെ അറിയിക്കുമല്ലോ.

ഈ ഗ്രന്ഥരചനയിൽ എനിക്കുള്ള കടപാടുകൾ ഒട്ടനവധി പേരോടാണ്. അതിനാൽ ആദ്യമായി പറയേണ്ടത് കാട്ടുമാടം മനയിലെ ശ്രീ മാന്യൻ തിരുമേനിയോടാണ്. കാരണം ശ്രീ മഹാവിഷ്ണുമായ കുട്ടിചാത്തൻസ്വാമിയുടെ ചരിത്രം പതിനൊന്ന് പേജിൽ ഉൾപ്പെടുത്തി കാട്ടുമാടം ക്ഷേത്രാങ്കണത്തിൽ നിന്നും പൂജിച്ച് എന്റെ കൈവശം വെച്ച് തന്നിട്ട് ശ്രീ മാന്യൻ തിരുമേനി പറഞ്ഞു. തുടർന്ന് എഴുതിക്കോളൂ സ്വാമിയുടെ എല്ലാവിധ അനുഗ്രഹങ്ങളും വന്ന് ഭവിക്കട്ടെ. ശരിയായ ശ്രീമഹാവിഷ്ണുമായ കുട്ടിചാത്തൻസ്വാമിയുടെ കഥാരൂപം ഉടലെടുക്കട്ടെ എന്നും പറഞ്ഞുതന്നു. പിന്നെ അവിടെ നിന്നും ആവണങ്ങാട്ടെത്തി സ്വാമിയെ ദർശിച്ച് എന്റെ മഹത്തായ ഉദ്യമത്തെക്കുറിച്ച് സ്വാമിയോട് നേരിട്ടു സംസാരിച്ചു. അവിടെ നിന്നും കിട്ടി എനിക്ക് അനുവാദം. ദേവഭൂമിയിലെ ആദ്യത്തെ നിത്യാരാധാനയുള്ള വിഷ്ണുമായാക്ഷേത്രമെന്നും ആവണങ്ങാടിനെ പറയാം. ആവണങ്ങാട്ടുസ്വാമിയുടെ പദ്യരൂപത്തിലുള്ള പുരാണം പലകുറി ഞാൻ വായിച്ചിട്ടുണ്ട്. അതെനിക്ക് ഒരുപാട് ഗുണം ചെയ്തു. അതിനാൽ ഗ്രന്ഥകർത്താവായ എ.വി.സ് പണിക്കരോടും ആ പുണ്യഗ്രന്ഥത്തിന്റെ പ്രസാധകനായ അഡ്വ. എ.യു. രഘുരാമൻ പണിക്കരോടും എനിക്കുളള കടപ്പാട് നിർവ്വചിക്കാൻ പറ്റാത്തതാണ്.

അതുപോലെ ആ വിശ്വശക്തിയെ വിശ്വസിക്കുന്ന ഏതൊരാൾക്കും ഒരു തോഴനെപ്പോലെ തോളിൽ കൈവച്ച് കൊണ്ട് നടക്കാം. പതിനാറു വർഷത്തോളമെടുത്തു സ്വാമിയുടെ കഥയുടെ ഏകദേശരൂപമൊന്ന് കൈവരിക്കാൻ. എത്രതന്നെ എഴുതിയാലും തീരാത്ത കഥകളാണ് സ്വാമിക്കുള്ളത്. കാരണം ത്രിഗുണാത്മകനായ സ്വാമിയുടെ ചൈതന്യം മുപ്പത്തിമുക്കോടി ദേവതകളിലും അറുപത്തിയാറുകോടി ഋഷീശ്വര ചൈതന്യങ്ങളിലും യക്ഷഗന്ധർവ്വരാക്ഷസ കിന്നരാദികളിലും അതിനത്രക്കും എണ്ണമറ്റ പൈശാചിക ശക്തികളിലും വസിക്കുന്നതിനാൽ സ്വാമിയെ സൽകർമ്മങ്ങൾക്കായ് ഉപയോഗിച്ചാൽ ഗൃഹത്തിൽ ദേവതകൾ വിളയാടി സർവ്വൈശ്വര്യങ്ങളും സമ്പത്തും വന്നുചേരും എന്നുള്ളത് അനേകം ശ്രീമഹാവിഷ്ണുമായ ഭക്തന്മാരുടെ അനുഭവമാണ്.

എന്റെ ഗുരുവായ ഗുരുശിവാശ്രമത്തിലെ സ്വാമി ശ്രീ രാമാനന്ദസ്വാമികളോടും ആയോധന കലാ ക്ഷേത്രാചാര്യനായ അശോകൻ ഗുരുക്കളോടും തീർത്താൽ തീരാത്ത കടപ്പാടുണ്ട്. എനിക്ക് ഒത്തിരി അറിവുകൾ പറഞ്ഞുതന്ന കളമെഴുത്തുപാട്ടിന്റെ കുലപതികൾ എന്നറിയപ്പെടുന്ന ശ്രീ. കൊച്ചുനാരായണൻ ജേഷ്ഠനോടും, ശ്രീ. മനോജ് കോമ്പാറയോടുമുള്ള നന്ദി നിർവചിക്കാൻ പറ്റാത്തതാണ്. അതുപോലെ ഒരുപാട്ചാത്തൻ സ്വാമിമാരുടെ നാമങ്ങൾ പറഞ്ഞുതന്ന ശ്രീ. രവി എടക്കുളത്തിനോടും, ശ്രീ. ഗിരിജൻ നടവരമ്പ്, ശ്രീ. അരുൺ കരുവന്നൂരിനോടും പ്രത്യേകം നന്ദി പറഞ്ഞുകൊള്ളുന്നു. ഈ ഗ്രന്ഥരചനയിൽ ഒരുപാട് തിരുത്തുകൾ ചെയ്തുതന്നിട്ടുള്ള ശ്രീ. ചിത്രാംഗദൻ തിരുമേനിയോടും, കയ്പ്പമംഗലം. ശ്രീ. വേണു ഗോപാലൻ എമ്പ്രാന്തിരിയോടും, അളവറ്റ നന്ദിയുണ്ട്. കൂടാതെ ശ്രീ വിഷ്ണുമായ കോമരമായ പ്രദീപ് കോക്കാട്ടിനോടും, സുജിത്ത് പടിഞ്ഞാറൂട്ടിനോടും, ജ്യോതിഷശ്രീ സന്ധ്യാ നടവരമ്പിനോടും പിന്നെ ഇരിങ്ങാലക്കുട പുറ്റുങ്ങൽ ക്ഷേത്രകോമരമായ ശ്രീ. സുമൻ ഇരിങ്ങാലക്കുടയോടും, കണ്ണൻ തെക്കൂട്ടിനോടും,

എന്റെ ഹൃദയംനിറഞ്ഞ നന്ദി അറിയിച്ചുകൊള്ളുന്നു. പിന്നെ എനിക്കുള്ള കടപ്പാട് ദേവഭൂമിയായ കേരളത്തിന്റെ മധ്യഭാഗമാകുന്ന തൃശ്ശൂരിൽ പെരിങ്ങോട്ടുകര (പെരുമ എങ്ങും എത്തുംകര) എന്ന ഗ്രാമാന്തരീക്ഷത്തിൽ മാത്രം സ്ഥിതി ചെയ്യുന്ന ചെറുതുംവലുതുമായ അനേകം ക്ഷേത്രങ്ങളോടാണ്. അന്യസംസ്ഥാനങ്ങളിൽ നിന്നും കൂടാതെ വിദേശങ്ങളിൽ നിന്നുപോലും നിരവധി ശ്രീ വിഷ്ണുമായ കുട്ടിചാത്തൻസ്വാമിയുടെ ഭക്തന്മാർ ഇവിടുത്തെ ക്ഷേത്രങ്ങളിൽ വന്ന് അവരുടെ കാര്യങ്ങൾ തൃപ്തികരമായി നടത്തിപോകുന്നു. മറ്റ് പല ക്ഷേത്രങ്ങളോടും എനിക്ക് പറഞ്ഞറിയിക്കാൻ കഴിയുന്നതിലേറെയുള്ള കടപ്പാടുണ്ട്. ജ്യോതിഷപണ്ഡിതനും പൂജാരിയുമായ രമേഷ് ജേഷ്ഠനോടും കൂടാതെ ഒത്തിരി പേരോട് കടപ്പാടുള്ള ഞാൻ ഇതിൽ എഴുതാൻ വിട്ടുപോയിട്ടുള്ള എല്ലാ സുമനസ്സുകളോടും ക്ഷമ ചോദിക്കട്ടെ!

സാധാരണക്കാരായ ജനങ്ങളിൽ ആത്മീയതയുടെ പ്രഭാവം നിറയുന്നതിനും ശ്രീ മഹാ വിഷ്ണുമായയെക്കുറിച്ച് ശരിയായ രീതിയിലുള്ള അറിവ് നൽകുന്നതിനും ഭക്തിയാൽ ജ്ഞാനം സമ്പാദിച്ച് പരമാത്മാവായ, സ്ഥാണുവായ, നിത്യനായ, സനാതന ബ്രഹ്മമായ, സത്യസ്വരൂപനായ, സ്വാമിയെ മൂത്തജ്യേഷ്ഠനായും ജ്യേഷ്ഠത്തിയായും, അനുജനായും അനുജത്തിയായും മകനായും മകളായും അച്ഛനായും അമ്മയായും കാമുകനായും കാമുകിയായും ഭാര്യയായും ഭർത്താവായും മനസ്സിൽ കൊണ്ട് നടക്കാം. നിങ്ങൾ ആവശ്യ പ്പെടുന്ന ഏത് രൂപത്തിലും ഭാവത്തിലും ആ മഹാശക്തി നമ്മോട് കൂടി എപ്പോഴും ഉണ്ടാകും. ആദിയും അന്തവുമില്ലാത്ത ആ മായാസ്വരൂപത്തെ കുറിച്ച് അൽപമൊന്ന് മനസ്സിലാക്കാൻ ഈ പുണ്യഗ്രന്ഥപാരായണത്തിലൂടെ എല്ലാവർക്കും കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നു.

അതുപോലെ മനസ്സാ എന്റെ ഗുരുവായി സ്വീകരിച്ച നൂറുക്കണക്കിന് ഗുരുക്കന്മാർക്കും ഗുരുവായ ആയിരത്തിലധികം ശിഷ്യന്മാരുള്ള പ്രഭുക്കന്മാരെപ്പോലെ ജീവിക്കാൻ പ്രാപ്തി യുള്ള അതിനുള്ള അവസരങ്ങളുള്ള അതിലുപരി അതിനുള്ള അറിവും അർഹതയുമുള്ള എന്താണ്? അല്ലെങ്കിൽ എങ്ങിനെയാണ് ലളിതമായ ജീവിതം നയിക്കുക. വിനയത്തോടെ എങ്ങിനെയാണ് മറ്റുള്ളവരോട് പെരുമാറേണ്ടത് എന്നിങ്ങനെ തുടങ്ങി അസൂയ, അഹങ്കാ രം, കുശുമ്പ്, ധാർഷ്ട്യം തുടങ്ങിയ വികാരങ്ങളൊന്നും തന്നെ തൊട്ടുതീണ്ടാത്ത, ഇക്കാല ഘട്ടത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്ത മൊബൈൽപോലും സ്വന്തമായി ഉപയോഗിക്കാത്ത ഒരു മഹദ് വ്യക്തിയോടുള്ള ആദരവും നന്ദിയും ഞാൻ ഈ മഹാവിഷ്ണുമായ കുട്ടിചാത്തൻ പുണ്യപുരാണത്തിന്റെ പേരിൽ മേൽപറഞ്ഞിരിക്കുന്ന ചില വാക്കുകളിൽ ചുരുക്കേണ്ടി വന്നിരിക്കുന്നു. ഹൈന്ദവസംസ്ക്കാരത്തിനും ആചാരനുഷ്ഠാനങ്ങൾക്കും വേണ്ടി അഹോ രാത്രം പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ആ മഹദ്വ്യക്തിയെ കുറിച്ച് കൂടുതലെന്തെങ്കിലും പ്രശംസനീയമായ വാക്കുകൾ എഴുതി അദ്ദേഹം അത് കാണുവാനിടവന്നാൽ നഖശിഖാന്തം എതിർക്കുമെന്നറിയുന്നതുകൊണ്ടും ശ്രീമഹാവിഷ്ണുമായ ദേവാംശം അദ്ദേഹത്തിൽ നിറ ഞ്ഞുനിൽക്കുന്നതുകൊണ്ടും കുറച്ചൊന്ന് അദ്ദേഹത്തെക്കുറിച്ച് എഴുതിയില്ലെങ്കിൽ പൊതു ജനങ്ങൾക്ക് കിട്ടുന്ന ഒരു ഉത്തമസന്ദേശം നഷ്ടപ്പെടാതിരിക്കുവാനും വേണ്ടിയാണ് അദ്ദേ ഹത്തിന്റെ എതിർപ്പിനെ നോക്കാതെ ഞാൻ ഇങ്ങനെ എഴുതിയത്. അനുവാദമില്ലാതെ ഞാൻ

**ഇങ്ങനെ എഴുതിയതിൽ ആ മഹാനുഭാവനോട് സദയം ക്ഷമ ചോദിയ്ക്കുന്നു. അനുവാദമി ല്ലാത്തതിനാൽ അദ്ദേഹത്തിന്റെ പേര് ഇതിൽ ചേർക്കുന്നില്ല.**

**അതുപോലെ തന്നെ ഈ പുണ്യഗ്രന്ഥത്തിൽ സംഭവിച്ചിട്ടുള്ള ഓരോ അക്ഷരത്തെറ്റു കൾ പോലും സസൂക്ഷ്മം പരിശോധിച്ച് തിരുത്തിതന്ന ശ്രീമതി. ഡോ.വിനീത ജയകൃഷ്ണ നോടുള്ള നന്ദി വാക്കുകളിൽ തീരുന്നതല്ല. ഈ ഗ്രന്ഥരചനക്ക് പ്രചോദനം തന്ന എല്ലാ നല്ലവരായ എന്റെ സുഹൃത്തുക്കൾക്കും പ്രത്യേകിച്ച് എന്റെ സഹധർമ്മിണി ബിനിക്കും, എന്റെ പിതൃതുല്യനായ മൂത്തജ്യേഷ്ഠൻ ശ്രീ വേലായുധനും, കൂടാതെ ഈ ഗ്രന്ഥം ഡിടിപി ചെയ്തുതന്ന ശ്രീ. ജികേഷ് (ക്ലിക്സ്), സേവ്യർ ചേട്ടനോടും എനിക്കുള്ള അകൈതവമായ നന്ദി രേഖപ്പെടുത്തികൊണ്ട് ശ്രീമഹാവിഷ്ണുമായ കുട്ടിചാത്തൻസ്വാമിയുടെ തൃപ്പാദങ്ങളിൽ സാഷ്ടാംഗ നമസ്ക്കാരം ചെയ്തുകൊണ്ട്, ഈ മഹത്ഗ്രന്ഥം സജ്ജനപക്ഷം സമർപ്പിക്കുന്നു.**

**എന്ന്**

*ഗ്രന്ഥകാരൻ:*

**വിശ്വനാഥൻ എം.എം. (വിഷ്ണു)**
**മുരിയംകാട്ടിൽ ഹൗസ്, ഗുരുകുലം കളരി**
**എടക്കുളം പി.ഒ., ഇരിങ്ങാലക്കുട**
**Ph: 8547128635, 9526799700**
**Email: viswa_chikku@yahoo.com**
**Web: www.vishnumayapuranam.com**
**Job: Therapist (Ayurvedic)**
**Specialized in: marmachikilsa**

| | | |
|---|---|---|
| **പിതാവ്** | : | **എം.വി.മാധവൻ (Late)** |
| **മാതാവ്** | : | **തങ്ക മാധവൻ** |
| **ഭാര്യ** | : | **ബിനി വിശ്വനാഥൻ** |
| **മക്കൾ** | : | **ശിവകാമി, ശിവാനി** |